**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 601** **30-01-2024 - ൽ മറുപടിയ്ക്ക്**

**ട്രാവൻകൂർ സിമന്റ്സിന്റെ സ്ഥലം വിൽക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നാട്ടകം ട്രാവൻകൂർ സിമന്റ്സിന്റെ ഉടമസ്ഥതയിൽ കാക്കനാട് ഉള്ള സ്ഥലം വിൽക്കുന്നതിന് ആഗോള ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം വിൽക്കുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ടുള്ളത്; | (എ) | ഉണ്ട്. 2.79 ഏക്കർ സ്ഥലം വിൽക്കുന്നതിനുള്ള ടെണ്ടറാണ് ക്ഷണിച്ചിട്ടുള്ളത്. |
| (ബി) | വിവിധ പദ്ധതികളുടെ നടത്തിപ്പിനായി സ്ഥലം ഏറ്റെടുക്കൽ പ്രതിസന്ധിയായി വരാറുള്ള ഇന്നത്തെ സാഹചര്യത്തിൽ എറണാകുളം പോലെ സ്ഥല ലഭ്യത കുറഞ്ഞ ഒരു നഗരത്തിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനത്തിന്റെ കൈവശമുള്ള സ്ഥലം ഇത്തരത്തിൽ വിൽക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് കമ്പനി ക്ലിങ്കർ വാങ്ങിയ ഇനത്തിലും, വിരമിച്ച ജീവനക്കാരുടെ നിയമപരമായ ബാധ്യതകളായ ഗ്രാറ്റുവിറ്റി, പി.എഫ്. മുതലായവയിലുള്ള കുടിശ്ശികകളും, കമ്പനിയുടെ മറ്റിനങ്ങളിലുള്ള കടങ്ങൾ, നിലവിലെ ജീവനക്കാരുടെ പി.എഫ് കുടിശ്ശിക എന്നിവയും കൊടുത്തു തീർത്ത് നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്ത് കമ്പനിയുടെ മുന്നോട്ടുള്ള സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും കമ്പനിയുടെ ലാഭത്തിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് മുൻപ് കമ്പനി സ്വന്തമായി വാങ്ങിയതുമായ 2.79 ഏക്കർ സ്ഥലം വിൽക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതിനാണ് ആദ്യഘട്ടത്തിൽ സർക്കാർ അനുമതി നൽകിയിരുന്നത്. എന്നാൽ ആയത് വ്യാവസായിക ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയില്ല എന്നതിനാൽ സ്ഥലം വാങ്ങുന്ന നടപടികളിൽ നിന്നും കിൻഫ്ര പിൻമാറുകയുണ്ടായി.<br><br>ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നത് സംബന്ധിച്ച് ബഹു. മുൻ പുതുപ്പള്ളി എം.എൽ.എ, ബഹു. കോട്ടയം എം.എൽ.എ എന്നിവരുടെ സാന്നിധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥരും ട്രേഡ് യൂണിയൻ നേതാക്കളും പങ്കെടുത്തുകൊണ്ട് ഒരു |

| | | | |
|---|---|---|---|
| | | | ഉന്നതതല യോഗം 27/07/2022 തീയതിയിൽ ചേർന്നിരുന്നു. കാക്കനാടുള്ള 2.79 ഏക്കർ സ്ഥലത്തിന്റെ വില ഫെയർ വാല്യൂ അനുസരിച്ച് മുൻകാലത്തേക്കാൾ വളരെ കൂടിയിട്ടുള്ളതായി യോഗം വിലയിരുത്തുകയും, ഓപ്പൺ ടെൻഡർ വഴി വില്പനയ്ക്ക് വച്ചാൽ കൂടുതൽ തുക ലഭ്യമാകും എന്ന പൊതു അഭിപ്രായം ഉയർന്നു വരികയും ചെയ്തു. കിൻഫ്ര സ്ഥലം ഉപയോഗപ്പെടുത്തുവാൻ തയ്യാറല്ലെങ്കിൽ ടി സ്ഥലം വിൽപ്പന നടത്തുവാനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ചാണ് കമ്പനിയുടെ നിലവിലെ സാമ്പത്തിക ബാധ്യതകൾ കൊടുത്ത് തീർത്ത് സ്ഥാപനത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് വേണ്ടി സുതാര്യമായ ടെണ്ടർ നടപടികളിലൂടെ പൊതുലേലത്തിൽ സ്ഥലം വിൽക്കുന്നതിന് അനുമതി നൽകിയത്. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ സംരക്ഷിക്കുമെന്ന നയത്തിൽ നിന്നും സർക്കാർ വ്യതിചലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സ്ഥാപനത്തിന്റെ ആസ്തി നഷ്ടപ്പെടുത്താതെ തന്നെ സ്ഥാപനത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ നിയമപരമായ ബാധ്യതകളുൾപ്പെടെയുള്ള വിവിധ കടങ്ങൾ പരിഹരിക്കുന്നതിനും പ്രവർത്തന മൂലധനം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് തുക കണ്ടെത്തുന്നതിനും നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്ത് കമ്പനിയുടെ മുന്നോട്ടുള്ള സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും മറ്റ് പരിഹാര മാർഗ്ഗങ്ങൾ ഇല്ലാത്തതിനാലാണ് കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും ലാഭത്തിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് മുൻപ് കമ്പനി സ്വന്തമായി വാങ്ങിയതുമായ 2.79 ഏക്കർ സ്ഥലം പൊതു ലേലത്തിലൂടെ വിൽക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്.<br><br>നിലവിലെ പ്രതിസന്ധി പരിഹരിച്ച് പ്രസ്തുത സ്ഥാപനത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിന് വേണ്ടിയാണ് കമ്പനിക്ക് നിലവിൽ ഉപയോഗിക്കാനാകാതെ കിടക്കുന്നതും വ്യാവസായിക ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയില്ല എന്ന് കിൻഫ്ര അറിയിച്ചതുമായ കാക്കനാടുള്ള 2.79 ഏക്കർ സ്ഥലം, ഇതുമായി ബന്ധപ്പെട്ട് നടന്ന ഉന്നതതല യോഗത്തിൽ കൈക്കൊണ്ട തീരുമാനം കൂടി പരിഗണിച്ച് പൊതുലേലത്തിലൂടെ വിൽക്കുന്നതിന്, ഒരു പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ അനുമതി നൽകിയത്. |

സെക്ഷൻ ഓഫീസർ